പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T* 4425 17.12.2014 ൽ മറുപടിക്ക്

## പറമ്പിക്കുളം-ആളിയാർ കരാർ

| ചോദ്യം<br>ശ്രീ. ബി.ഡി.ദേവസ്സി | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ്മന്ത്രി) |
|---|---|
| (എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം 2012, 2013 വർഷങ്ങളിൽ തമിഴ്നാട്ടിൽ നിന്നും കേരളത്തിന് ലഭിക്കുവാൻ അർഹതയുള്ള ജലം കൂടുതലായി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി)തമിഴ്നാടിന്റെ ഭാഗത്തുനിന്നുള്ള കരാർ ലംഘനം മൂലം കേരളത്തിന് കുടിവെള്ളം, ജലസേചനം, വൈദ്യുതി എന്നീ മേഖലകളിലുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എത്രയാണെന്ന് അറിയിക്കാമോ;<br><br>(സി) നഷ്ടപരിഹാരത്തിനുള്ള സാദ്ധ്യതകൾ സർക്കാർ തേടിയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും സംസ്ഥാന സർക്കാരിന്റെയും ജലസേചന വകുപ്പിന്റേയും സമയോചിതവും ശക്തവുമായ ഇടപെടലുകളിലൂടെ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ 2012-2013 ജലവർഷത്തിൽ കരാർ പ്രകാരം അർഹതപ്പെട്ട ജലവിഹിതം കേരളത്തിന് പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് ലഭിച്ചില്ല. തമിഴ്നാടിന്റെ കരാർ വ്യവസ്ഥാലംഘനങ്ങൾക്കെതിരെ കേരളം ബഹു.സുപ്രീംകോടതിയിൽ അസ്സൽ അന്യായവും ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. ബഹു.സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഹർജിയിൽ; തമിഴ്നാടിന്റെ ഭാഗത്തുനിന്നുള്ള കരാർ ലംഘനം മൂലം വിവിധ മേഖലകളിലുണ്ടായിട്ടുള്ള നഷ്ടങ്ങൾ നികത്തുന്നതിലേക്കായി; നഷ്ടപരിഹാരമായി 50 കോടി രൂപ തമിഴ്നാട് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| ഡി) കരാർ കാലാനുസൃതമായി പുതുക്കുന്നതിനും സംസ്ഥാനത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിനും ആവശ്യമായ നിയമനടപടികൾ സർക്കാർ സ്വീകരിക്കുമോ? | (ഡി) പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പുതുക്കാൻ; ടി കരാറിൽ പ്രത്യേക വ്യവസ്ഥയില്ല. എന്നാൽ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ കരാർ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. 2012-2013 ജലവർഷത്തിൽ കേരളത്തിന് കരാർ പ്രകാരം അർഹതപ്പെട്ട ജലം പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്നും ലഭിച്ചില്ല. ഈ സാഹചര്യത്തിൽ തമിഴ്നാടിന്റെ കരാർ വ്യവസ്ഥ ലംഘനങ്ങൾക്കെതിരെ കേരളം ബഹു.സുപ്രീംകോടതിയിൽ അസ്സൽ അന്യായവും ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. ഇതോടൊപ്പം തന്നെ നിലവിലെ സാഹചര്യത്തിൽ കേരളത്തിനർഹതപ്പെട്ട ജലവിഹിതം കൃത്യമായി നേടിയെടുക്കുന്ന തരത്തിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ ചർച്ചകളിലൂടെ പരസ്പരധാരണയിലെത്തി കരാർ പുനരവലോകനം യാഥാർത്ഥ്യമാക്കാനുള്ള നടപടികളെപ്പറ്റിയും സർക്കാർ ആലോചിക്കുന്നുണ്ട്. ഇതിന് സമഗ്രമായ പരിശോധനയും തുടർ ചർച്ചകളും നടത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ